മാവൂർ ഗ്രാസിം കമ്പനിയിൽ നിന്നും ലഭിക്കാനുള്ള തുക

105 (4145) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ റയോൺസ് അടച്ചു പൂട്ടിയ സമയത്ത് തൊഴിലാളികൾക്കും സർക്കാരിനുമായി കമ്പനി എന്ത് തുക നൽകുവാനുണ്ടെന്നാണ് കണക്കാക്കിയിരുന്നത് ;

(ബി) ഈ തുക ഈടാക്കാൻ നാളിതുവരെയായി എന്ത് നടപടികൾ സ്വീകരിച്ചു ;

(സി) കമ്പനിയിലെ തടികൾ ലേലം ചെയ്ത് കിട്ടിയ തുക എന്താവശ്യത്തിനാണ് വിനിയോഗിച്ചത് ; ലേലം ചെയ്യുന്നതിനുമുമ്പ് ലേലം ചെയ്യുന്ന വിവരം കമ്പനിയെ അറിയിച്ചിരുന്നോ ;

(ഡി) ലഭിക്കാനുള്ള തുക ലഭ്യമാക്കണമെന്ന് കാണിച്ച് കമ്പനിക്ക് നോട്ടീസ് അയച്ചതെന്നാണ് ; പ്രസ്തുത നോട്ടീസിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ഇ) ഈ നോട്ടീസ് അയച്ചതിനുശേഷം കമ്പനിക്കെതിരെ എന്തെങ്കിലും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കമ്പനി അടച്ചുപൂട്ടിയ സമയത്ത് വകുപ്പിലേക്ക് 2,53,35,090 രൂപയും വനം വികസന കോർപ്പറേഷന് 1,55,47,000 രൂപയും നൽകുവാനുണ്ട്. കൂടാതെ അടിസ്ഥാന അസംസ്കൃതവസ്തുക്കളുടെ വകയിൽ 9,12,40,716 രൂപയും നൽകുവാനുണ്ടെന്ന് പിന്നീട് കണക്കാക്കിയിട്ടുണ്ട്. തൊഴിലാളികളെ സംബന്ധിച്ച കണക്ക് ഈ വകുപ്പിൽ ലഭ്യമല്ല.

(ബി) അസംസ്കൃത വസ്തുക്കൾ സംബന്ധിച്ച തുകയ്ക്ക് കമ്പനിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. മറ്റു ബാദ്ധ്യതകൾ ഈടാക്കാൻ റവന്യൂറിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) കമ്പനിയിലെ തടികൾ ലേലം ചെയ്തുകിട്ടിയ തുക സർക്കാർ ട്രഷറിയിൽ അടച്ച് വനം വകുപ്പിന്റെ കണക്കിൽ വരവ് വച്ചിട്ടുണ്ട്. ലേലം ചെയ്യുന്ന വിവരം കമ്പനിയെ മുൻകൂട്ടി അറിയിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കമ്പനി ഉപയോഗിക്കാതെ മാറ്റി വന്നതായ 1.31.446 മെ. ടൺ. അസംസ്കൃതവസ്തുക്കളുടെ കമ്പോളവില കണക്കാക്കി സർക്കാർ നഷ്ടം തിട്ടപ്പെടുത്തി 9,12,42,716 രൂപ സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനുള്ള നോട്ടീസ് 9-7-2003-ൽ കമ്പനിക്ക് അയച്ചിട്ടുണ്ട്. പ്രസ്തുത നോട്ടീസിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.*

(ഇ) കമ്പനിക്ക് നൽകിയ നോട്ടീസിൽ പണം അടയ്ക്കുന്നതിന് കാലാവധി 12-8-2003 വരെ നൽകിയിട്ടുണ്ട്. ആയതിനാൽ മേൽനടപടികൾ സ്വീകരിച്ചിട്ടില്ല.

മാവൂർ ഗ്രാസിം കമ്പനിക്ക് മുളയും മറ്റ് തടിയും നൽകുന്നത് സംബന്ധിച്ച ഉടമ്പടി

106 (4146) ശ്രീ. മത്തായി ചാക്കോ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാസിം കമ്പനിക്ക് മുളയും മറ്റു തടികളും നൽകുന്നത് സംബന്ധിച്ച് കമ്പനിയും സംസ്ഥാന സർക്കാരുമായി എത്ര കരാറുകളാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത കരാറുകളുടെ കോപ്പികൾ മേശപ്പുറത്ത് വയ്ക്കുമോ ;

(ബി) പ്രസ്തുത കരാർ അനുസരിച്ച് സർക്കാർ നൽകുന്ന തടി, പൾപ്പ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ വരുന്നത് ലേലം ചെയ്തു കൊടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ ;

(സി) ഗ്രാസിം കമ്പനിയിലെ പൾപ്പ് ആവശ്യത്തിനുപയോഗിക്കാത്ത തടി സംസ്ഥാന സർക്കാരിന് അധികാരമുണ്ടോ ;

(ഡി) പൾപ്പ് ആവശ്യത്തിനുപയോഗിക്കാത്ത തടിക്ക് കമ്പനി മാർക്കറ്റ് വില നൽകേണ്ടതാണെന്ന് കമ്പനിയുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് വ്യവസ്ഥയുണ്ടോ ;

(ഇ) മാർക്കറ്റ് വിലയനുസരിച്ച് കമ്പനിയിൽ എത്രകോടി രൂപയുടെ തടിയുണ്ടായിരുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഒരു പ്രധാന കരാറും നാല് അനുബന്ധ കരാറുകളും ഉൾപ്പെടെ അഞ്ച് കരാറുകളാണ് കമ്പനിയും സർക്കാരുമായി ഉണ്ടാക്കിയിട്ടുള്ളത്. 27-10-1993 മുതൽ 31-8-1999 വരെയുള്ള കാലയളവിലെ അഞ്ചാമത്തെ അനുബന്ധ കരാർ കമ്പനി ഇതുവരെ ഒപ്പുവച്ചിട്ടില്ല. കരാറുകളുടെ കോപ്പികൾ മേശപ്പുറത്ത് വയ്ക്കുന്നത് പ്രായോഗികമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly